സമരം

പ്രഫ. കെ.എം ബഹാവുദ്ദീൻ

# മലബാർ കലാപം

ജാലിയൻ വാലാബാഗ് കൂട്ടക്കൊലക്കും ചൗരിചൗരാ സംഭവത്തിനുമിടയിൽ നടന്ന ക്രൂരനരഹത്യയായിരുന്നു മലബാർ കലാപം. ആദ്യത്തെ രണ്ടു സംഭവങ്ങളിലും ജീവഹാനിയുണ്ടായവരുടെ എണ്ണം ആയിരത്തിൽ കവിയില്ല. അതേസമയം മലബാർ കലാപത്തിൽ പതിനായിരത്തിലേറെ മാപ്പിളമാരെ കൊലചെയ്തു, ഇരുപതിനായിരത്തിൽ കൂടുതൽ പേരെ നാടുകടത്തി, പതിനായിരത്തോളം പേരെ കാണാതായി. തെക്കേ മലബാറിലെ എല്ലാ മുസ്‌ലിംകുടുംബങ്ങളിൽനിന്നും ഒരാളെങ്കിലും അവർക്ക് പങ്കില്ലാതിരുന്ന കുറ്റത്തിന് അറസ്റ്റു ചെയ്യപ്പെട്ടു.[1] കലാപത്തിന്റെ ദുഃഖമുഖത്തെയാണിത് ചൂണ്ടിക്കാട്ടുന്നത്.

ഈ ദാരുണസംഭവത്തെ പല വിധത്തിലാണ് ചരിത്രകാരന്മാർ വിലയിരുത്തുന്നത്. വാഗൺ ട്രാജഡിക്കു കാരണക്കാരനായ ഹിച്ച് കോക്കിനെയാണ് ഔദ്യോഗിക ചരിത്രമെഴുതാൻ മദ്രാസ് ഗവൺമെന്റ് നിയോഗിച്ചത്. അദ്ദേഹത്തിന്റെ പുസ്തകത്തിന് 'Peasant Revolt in Malabar' (മലബാറിലെ കർഷക കലാപം) എന്നായിരുന്നു പേരു നൽകിയത്. 'ലഹളയുണ്ടാകാൻ ഹിന്ദുക്കൾ വഹിച്ച പങ്കും, അതിൽ പങ്കാളികളാകാത്ത അനേകം മാപ്പിളമാരെയും കണക്കിലെടുക്കുമ്പോൾ അതിനെ മാപ്പിള ലഹളയെന്നുപറയുന്നത് ശരിയല്ല' എന്നദ്ദേഹം വിശദീകരിക്കുകയും ചെയ്തു.[2] അതേസമയം മലബാർ സംഭവങ്ങളുമായി ബന്ധപ്പെട്ടിരുന്ന ടോട്ടൻഹാം പുസ്തകമെഴുതിയപ്പോൾ അത് 'മാപ്പിള കലാപ'മായി.

നേരിട്ട് ബന്ധമുണ്ടായിരുന്നവർ രേഖപ്പെടുത്തിയതിൽനിന്നും സംഭവത്തിന്റെ ഗതിവിഗതികളുടെ ഏതാണ്ടൊരു രൂപം കിട്ടും. ആലി മുസ്‌ലിയാരെ വിചാരണ ചെയ്ത പ്രത്യേക കോടതിയിലെ ജഡ്ജി അഭിപ്രായപ്പെട്ടത്: 'മതഭ്രാന്തോ കുടിയാൻ പ്രശ്നമോ ദാരിദ്ര്യമോ അല്ല ആലി മുസ്‌ലിയാരുടെയും അനുയായികളുടെയും മനസ്സിൽ പ്രവർത്തിച്ചത്. ഖിലാഫത്തും നിസ്സഹകരണപ്രസ്ഥാനവുമാണ് അവരെ കുറ്റകൃത്യങ്ങൾക്കു പ്രേരിപ്പിച്ചതെന്ന് തെളിവുകൾ സംശയലേശമന്യേ വ്യക്തമാക്കുന്നു.[3] ഹിച്ച് കോക്ക് രേഖപ്പെടുത്തിയത്: 'ഹിന്ദുകുടുംബങ്ങളിലെ സ്വത്തുക്കൾ സംരക്ഷിക്കാൻ ഒരംഗത്തെ നിലനിർത്തിയിട്ട് ബാക്കിയുള്ളവർ സ്ഥലം വിടുന്നത് സാധാരണയായിരുന്നു. ആ സ്ഥലത്തുള്ള കലാപകാരകളിൽനിന്നും അയാൾക്ക് ഉപദ്രവമുണ്ടാകുമെന്ന് അയാൾക്ക് ആശങ്കയില്ലായിരുന്നു. മറ്റു സ്ഥലങ്ങളിൽനിന്നുള്ള സംഘങ്ങൾ വരുമ്പോഴാണ് പ്രശ്നങ്ങളുണ്ടായത്. കലാപങ്ങൾക്കിടയിൽ ഏറനാട്ടിൽ കുറ്റകൃത്യങ്ങളില്ലായിരുന്നു. പോലീസിന്റെ ആവശ്യം പോലുമില്ലായിരുന്നു..... (ഗവൺമെന്റ്) ആഞ്ഞടിക്കാൻ ശ്രമിച്ചതാണ് കലാപത്തിനു കാരണം........ വാഴക്കാടും കോഴിക്കോട് താലൂക്കിലും സ്ഥലത്തെ ഹിന്ദുക്കൾ പട്ടാളത്തിന്റെ പിറകെ കൂടി (1921 ഒക്ടോബർ 18-ഓടു കൂടിയാണ് ഈ സംഭവങ്ങൾ ആരംഭിച്ചത്). വളരെയധികം കൊള്ളകൾ നടത്തി... ആ സംഭവം ലഹളക്കാരുമായി ചേരാത്ത മുസ്‌ലിംകളെ വല്ലാതെ ബുദ്ധിമുട്ടിച്ചു. പ്രദേശത്തെ മുഴുവൻ ഇളക്കിമറിക്കാൻ അത് കാരണമായെന്നു മാത്രമല്ല, പ്രശ്നങ്ങൾ പ്രതീക്ഷിച്ചതിൽ കൂടുതൽ സങ്കീർണമാവുകയും ചെയ്തു..... കോണറ തങ്ങൾ അപ്പോഴേ ലഹളയിൽ ചേർന്നുള്ളൂ. അതു പോലെ മറ്റു പല പ്രധാനികളും അപ്പോഴാണ് ലഹളയിൽ ചേർന്നത്.[4] ഈ സംഭവത്തെ പ്പറ്റി കെ.എൻ പണിക്കർ എഴുതിയത്: 'കോണറ തങ്ങന്മാരെ മാപ്പിളമാർ ബഹുമാനിച്ചിരുന്നു. പട്ടാളത്തിന്റെ കൂടെയെത്തിയ ഹിന്ദുക്കൾ മതഗ്രന്ഥങ്ങൾ കീറിനശിപ്പിച്ച ശേഷം മൂത്ത തങ്ങളുടെ നെറ്റിയിൽ ഭസ്മം പൂശി മതംമാറ്റത്തിന്റെ ലക്ഷണമായി വേദമോതിച്ചു. തങ്ങളുടെ കുടുംബത്തിലെ ചെറുപ്പക്കാരനായ ഒരംഗം ഹിന്ദുക്കളെയും മതംമാറ്റാൻ ശ്രമിച്ചു.[5]

കെ.പി കേശവമേനോൻ രേഖപ്പെടുത്തിയത്: '(ലഹള) പോലീസുകാരുടെ മർദനത്തിൽ നിന്നുടലെടുത്തതാണ്. ഖിലാഫത്ത് പ്രസ്ഥാനത്തെ അടിച്ചമർത്താൻ അധികാരികളാരംഭിച്ച അതിരുകടന്ന ക്രമമായിരുന്നു പ്രധാന കാരണം... പോലീസിന്റെ അക്രമം സഹിക്കാതെ വന്നപ്പോൾ അക്രമരാഹിത്യവ്രതം കൈവെടിഞ്ഞു അക്രമത്തെ അക്രമം കൊണ്ടുതന്നെ നേരിടാൻ നാട്ടുകാരുറച്ചു... പട്ടാളക്കാരെത്തി ലഹളക്കാരെ നായാടിപ്പിടിക്കാൻ തുടങ്ങിയപ്പോൾ സ്ഥിതിക്കൊരു മാറ്റം വന്നു. ലഹളക്കാരെ തെരഞ്ഞു പിടിക്കാൻ അവർ ഹിന്ദുക്കളുടെ സഹായം ആവശ്യപ്പെട്ടു. പട്ടാളക്കാരുടെ കൽപനക്കനുസരിച്ച്

പ്രവർത്തിക്കാതിരുന്നാൽ അവർ ഹിന്ദുക്കളെ ശിക്ഷിക്കും. പട്ടാളക്കാരുടെ കൂടെ ലഹളക്കാരെ തെരയാൻ പോയാൽ ലഹളക്കാർ പകരം വീട്ടാൻ ഹിന്ദുക്കളുടെ നേരെ തിരിയും. അങ്ങനെ ആരംഭിച്ച സമുദായ വിരോധം അതിവേഗം മൂത്തുവന്നു.[6] പട്ടാളക്കാർക്ക് 'ഇളനീരും പഴവും കൊടുക്കാനും വേണ്ടുന്ന ഉപചാരങ്ങളും ഒത്താശകളും ചെയ്യാനും ഹിന്ദുക്കൾ അഹമഹമികയാ സന്നദ്ധമായി'[7] എന്നാണ് കെ. മാധവൻ നായർ എഴുതിയത്. ബ്രഹ്മദത്തൻ നമ്പൂതിരി എഴുതിയത് 'കൊള്ളയടിക്കാൻ അവർ (പട്ടാളവും പോലീസും) ഹിന്ദുക്കളെ കൂട്ടിക്കൊണ്ടു പോയിരുന്നു. അതുകൊണ്ട് പോലീസിന്റെ സഹായം ഹിന്ദുക്കൾക്ക് കിട്ടിയിരുന്നു. പട്ടാളത്തിന്റെ അക്രമം കൂടിയപ്പോൾ കലാപകാരികൾ പട്ടാളത്തെയും ജനങ്ങളെയും ആക്രമിക്കാൻ തുടങ്ങി. ഒക്ടോബർ ആയപ്പോഴാണ് ഈ സംഭവവികാസമുണ്ടായത്' [8] എന്നാണ്. കെ.എൻ പണിക്കർ വിശദീകരിക്കുന്നതിപ്രകാരമാണ്: 'പട്ടാളത്തെ നേരിടാൻ ആയുധവും ആഹാരവും അത്യാവശ്യമായിരുന്നു. പണക്കാരായ ഹിന്ദുക്കളുടെ കുടുംബങ്ങളിൽ മാത്രമേ അവ രണ്ടും ഉണ്ടായിരുന്നുള്ളൂ. കൊള്ള നടത്തിയെന്നാരോപിച്ച് ചാർജുചെയ്ത 195 കേസുകളിൽ മരണം സംഭവിച്ചത് സന്ദർഭങ്ങളിലായിരുന്നു. എതിർത്തപ്പോൾ മാത്രമായിരുന്നു അത് സംഭവിച്ചതും. വിദേശ ഗവൺമെന്റിനെ സഹായിച്ച ഹിന്ദുക്കളെയും മുസ്‌ലിംകളെയും കർശനമായി ശിക്ഷിച്ചു. ഒരു സംഭവത്തിൽ ഗവൺമെന്റിനെ സഹായിച്ച ഒരു ഹിന്ദുവിന് 1000 രൂപ പിഴയിട്ടു. ഒരു മുസ്‌ലിം ആ തുകക്ക് ജാമ്യം നിന്നു. മണ്ണാർക്കാടും പെരിന്തൽമണ്ണയിലും പണക്കാരെ ആക്രമിക്കുന്നതിലും ജന്മികളെ ആക്രമിക്കുന്നതിലും ഹിന്ദുക്കളുടെ പങ്ക് കൂടുതലായിരുന്നു''[9].

## കോൺഗ്രസും ഖിലാഫത്ത് പ്രസ്ഥാനവും

1908-ൽ മലബാറിൽ കോൺഗ്രസ് കമ്മിറ്റി ഉണ്ടായെങ്കിലും 1916-ൽ പാലക്കാട്ടുവെച്ച് ആനിബസന്റിന്റെ അധ്യക്ഷതയിൽ നടന്ന മലബാർ ജില്ലാ കോൺഗ്രസ് സമ്മേളനമാണ് മലബാറിലെ ഒന്നാമത്തെ രാഷ്ട്രീയ സമ്മേളനം. ഗവൺമെന്റനുകൂലികളായ ജന്മിമാരുടെയും കാണക്കാരുടെയും അതേ വിഭാഗത്തിൽ പെട്ട വക്കീലന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും സംഘടനയായിരുന്നു കോൺഗ്രസ്. ആദ്യത്തെ ജില്ലാ കോൺഗ്രസിന്റെ സ്വീകരണസംഘത്തിൽ 443 അംഗങ്ങളുണ്ടായിരുന്നതിൽ 108 പേർ ജന്മിമാരും 111 പേർ വക്കീലന്മാരും 52 കച്ചവടക്കാരും ബാക്കിയുള്ളവർ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരുമായിരുന്നു. വാസുദേവരാജയായിരുന്നു സ്വീകരണസംഘത്തിന്റെ അധ്യക്ഷൻ. തലശ്ശേരിയിൽ നടന്ന രണ്ടാമത്തെ കോൺഫറൻസിന്റെ സംഘാടകരിൽ പ്രധാനികൾ സാമൂതിരിയും കുതിരവട്ടം തമ്പാനുമായിരുന്നു. ചിറക്കൽ രാജാവായിരുന്നു സ്വീകരണ സംഘത്തിന്റെ അധ്യക്ഷൻ[10]. പാലക്കാട്ട് നടന്ന കോൺഗ്രസ് കോൺഫറൻസിൽ പാസ്സാക്കിയ പ്രമേയത്തിൽ നായന്മാരെ ചേർത്ത് ഒരു പ്രത്യേക പട്ടാളം ഏർപ്പെടുത്തിയതിന് ഗവൺമെന്റിനോട് നന്ദിരേഖപ്പെടുത്തിയിരുന്നു.[11] അതേ സമയം മലബാറിലെ ചില പൊതുനിരത്തുകളിൽ അവർണർക്ക് പ്രവേശനം നിഷേധിച്ചതിൽ പ്രതിഷേധിക്കുന്ന പ്രമേയത്തിന് അനുമതി നൽകിയില്ല. ജാതീയതയും വർഗീയതയും 'ഭായി ഭായി' ആണെന്നു പറയേണ്ടതില്ല. യുദ്ധഫണ്ടിലേക്ക് സംഭാവന നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയവും പാലക്കാട്ട് കോൺഫറൻസിൽ അവതരിപ്പിക്കപ്പെട്ടു.

1919-ലെ അമൃതസർ കോൺഗ്രസ് സമ്മേളനത്തിൽ കുടിയായ്മ പ്രധാന ചർച്ചാ വിഷയമായിരുന്നു. 1920-ലെ മഞ്ചേരി കോൺഫറൻസിൽ ജന്മികളുടെ എതിർപ്പിനെ അവഗണിച്ച് കാർഷികനയത്തിൽ മാറ്റങ്ങൾ വരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം പാസ്സായി. പല ജന്മിമാരും പ്രതിഷേധിച്ച് രാജിവെച്ചു. 1920 മെയ് 30-ന് ബനാറസിലും ജൂൺ ഒന്നിനും രണ്ടിനും ഇലാഹാബാദിലും 1921 ജനുവരി 2-ന് നാഗ്പൂരിലും നടന്ന കോൺഗ്രസ് സമ്മേളനങ്ങൾ സർക്കാറുമായി നിസ്സഹകരിക്കാൻ ആഹ്വാനം നൽകി. 1920 ആഗസ്റ്റിൽ ഗാന്ധിജിയും ശൗകത്തലിയും മലബാർ സന്ദർശിച്ചത് ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനങ്ങൾക്ക് ഉത്തേജനം നൽകി. അധികം അംഗങ്ങളില്ലായിരുന്ന കോൺഗ്രസിൽ ഗാന്ധിജി വന്നു. ഒരു കൊല്ലത്തിനകം 200 കമ്മിറ്റികളും 20,000-ത്തിലേറെ അംഗങ്ങളുമുണ്ടായി. എല്ലാ ഗ്രാമങ്ങളിലും ഖിലാഫത്ത് കമ്മിറ്റികൾ സ്ഥാപിതമായി. ആ കമ്മിറ്റികളെല്ലാം ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ ദൃഷ്ടാന്തങ്ങളായിരുന്നു. 1921 ഏപ്രിൽ 27-ന് ഒറ്റപ്പാലത്ത് നടന്ന കേരള പ്രൊവിൻഷ്യൽ കോൺഗ്രസിൽ ഖിലാഫത്ത്, നിസ്സഹകരണ, കുടിയാൻ പ്രശ്നങ്ങളായിരുന്നു പ്രധാന ചർച്ചാ വിഷയങ്ങൾ. അതോടുകൂടി കോൺഗ്രസ് ഒരു ജനകീയ പ്രസ്ഥാനമായി മാറി. എല്ലാ മുസ്‌ലിംകളും കോൺഗ്രസിൽ ചേരണമെന്നും അക്രമരാഹിത്യവും നിസ്സഹകരണവും സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. കോളനിവാഴ്ചക്കുശേഷം ഹിന്ദു മുസ്‌ലിം ഐക്യം പുനഃസ്ഥാപിക്കപ്പെട്ടത് ആ സന്ദർഭത്തിലാണ്.

നായർ കാണക്കാർ കുടുംബങ്ങളിലെ വക്കീലന്മാരും ബുദ്ധിജീവികളും മലബാർ ടെനന്റ്സ് അസോസിയേഷൻ 1916-ൽ സംഘടിപ്പിച്ചെങ്കിലും അതൊരു ജനകീയ പ്രസ്ഥാനമായി മാറിയത് മഞ്ചേരി, ഒറ്റപ്പാലം കോൺഗ്രസ് സമ്മേളനങ്ങൾക്കു ശേഷമാണ്. തിരുവിതാംകൂറിലും

കൊച്ചിയിലും കുടിയാന്മാരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള നിയമങ്ങൾ വന്നതുപോലെ മലബാറിലും നിയമനിർമാണം വരുന്നെന്ന പ്രചാരം ജന്മിമാരെ അമ്പരപ്പിച്ചു. കുടിയാന്മാരെ ഒഴിപ്പിക്കാൻ അവർ തീവ്രശ്രമത്തിലായി. 1921 ജൂലൈ മാസത്തിൽ കേരള ജന്മിസഭ സ്ഥാപിക്കപ്പെട്ടു. കർഷകസംഘത്തിന്റെ മീറ്റിംഗും കോൺഗ്രസ് മീറ്റിംഗിനോടൊപ്പം ഒറ്റപ്പാലത്ത് നടന്നു.

കുടിയാന്മാരുടെ സമരവീര്യവും ഹിന്ദു-മുസ്‌ലിം ഐക്യവും അധികാരികളെ പരിഭ്രാന്തരാക്കി. ഒറ്റപ്പാലത്ത് മീറ്റിംഗ് കഴിഞ്ഞ ഉടൻ തന്നെ മെയ് മാസം ആദ്യം ഊട്ടിയിൽ വെച്ച് ഉയർന്ന ഉദ്യോഗസ്ഥരുടെയും പട്ടാളമേധാവികളുടെയും ഒരു മീറ്റിംഗ് നടന്നു. സൈന്യത്തെ ഉപയോഗിച്ച് പ്രക്ഷോഭം അടിച്ചമർത്താൻ ആ മീറ്റിംഗിൽ തീരുമാനിച്ചതുപോലെ തോന്നുന്നു. മലബാർ കലക്ടർ തോമസിനെ മദ്രാസ് ഗവൺമെന്റ് ആവർത്തിച്ചുപദേശിച്ചത് 'ഖിലാഫത്തിനെതിരെയാണ് പ്രത്യേക നടപടികളെടുക്കുന്നതെന്നു വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. മാപ്പിളമാരുടെ ആക്രമണം എന്ന രീതിയിലാണ് നടപടികളെടുക്കേണ്ടത്'[12] എന്നായിരുന്നു. ഹിന്ദുക്കളിലും മുസ്‌ലിംകളിലും ഭിന്നതയുണ്ടാക്കി 1854-ലെ മാപ്പിള ഔട്ട് റേജസ് ആക്ടനുസരിച്ച് മാപ്പിളമാരെ മാത്രം വകവരുത്താൻ നേരത്തേ തീരുമാനമെടുത്തതായി കമ്പിസന്ദേശത്തിൽ തെളിയുന്നു. മദ്രാസ് ഗവൺമെന്റിന്റെ മലബാർ കാര്യങ്ങളുടെ കമീഷണറായിരുന്ന നാപ്പ് മദ്രാസ് ഗവൺമെന്റിനെയും ഉപദേശിച്ചത് '...ഖിലാഫത്ത് പ്രസ്ഥാനത്തെ പറയാതെ മുസ്‌ലിംകളുടെ ഓരോ നിയമവിരുദ്ധ പ്രവൃത്തികളും എതിർത്ത് നമുക്കില്ലാതാക്കാം'[13] എന്നായിരുന്നു.

മാപ്പിളമാർ കലാപങ്ങളുണ്ടാക്കാൻ സാധ്യതയില്ലെന്ന് നാപ്പിന് അറിയാമായിരുന്നു. മലബാറിലെ സ്ഥിതിഗതികൾ നേരിട്ടു പഠിച്ചശേഷം നാപ്പ് എഴുതിയത്: 'മാപ്പിളമാരുടെ തീവ്ര മതവികാരം ഒരു ചെറിയ വിഭാഗത്തിൽ മാത്രമാണ് കണ്ടത്. മനസ്സിലാക്കിയേടത്തോളം പൂക്കോട്ടൂരിൽ രണ്ടു ഹിന്ദു കൊല്ലന്മാർ മാത്രമാണ് ആയുധങ്ങളുണ്ടാക്കുന്നത്. ആയുധമുണ്ടാക്കുന്നത് ഒരിടത്തുമാത്രം ഒതുങ്ങിനിൽക്കുന്നതുകൊണ്ടും മറ്റു സ്ഥലങ്ങളിൽ അതില്ലാത്തതുകൊണ്ടും നമുക്കഭിമുഖീകരിക്കേണ്ടത് പൊതുവായ മാപ്പിളഖിലാഫത്ത് കലാപമല്ലെന്നാണ് എനിക്ക് തോന്നുന്നത്'[14].

പ്രകോപനപരമായ നടപടികൾ ഗവൺമെന്റുഭാഗത്തുനിന്നും തുടങ്ങി. പല സ്ഥലങ്ങളിലും 114-ാം വകുപ്പ് നടപ്പിലാക്കി. ജന്മിമാരും പ്രകോപനപരമായിത്തന്നെ പെരുമാറി. അതിലൊന്നായിരുന്നു പൂക്കോട്ടൂരിലെ സംഭവം. പൂക്കോട്ടൂരിലെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയായിരുന്ന മുഹമ്മദിനെ, നിലമ്പൂർ കോവിലകം കാര്യസ്ഥസ്ഥാനത്തുനിന്ന് മാറ്റുക മാത്രമല്ല, അയാൾക്കെതിരായി തോക്കുമോഷ്ടിച്ചു എന്നു പറഞ്ഞ് കള്ളക്കേസും കൊടുത്തു. അറസ്റ്റ് ചെയ്യാൻ വന്ന പോലീസിനെ ജനങ്ങൾ തടഞ്ഞു. അതിനുശേഷം അങ്ങനെയുള്ള സംഭവങ്ങളിൽനിന്ന് പിന്മാറണമെന്ന് നേതാക്കൾക്കു തോന്നിയെങ്കിലും അതൊരവസരമായി അധികാരികൾ കരുതി. കൂടുതൽ ശക്തി ശേഖരിച്ച് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന ആലി മുസ്‌ല്യാരുടെ കേന്ദ്രമായിരുന്ന തിരൂരങ്ങാടി 1921 ആഗസ്റ്റ് 21-ന് രാത്രി രണ്ട് മണിക്ക് പോലീസും പട്ടാളവും വളഞ്ഞു വീടുതോറും തെരച്ചിൽ നടത്തി. തുടർന്നുണ്ടായ സംഭവങ്ങളിൽ 17 പേർ കൊല്ലപ്പെട്ടു. എ.എസ്.പി റൗളി, ക്യാപ്റ്റൻ ജോൺസൺ, കോൺസ്റ്റബിൾ മൊയ്തീൻ ഉൾപ്പെടെ 6 പോലീസുദ്യോഗസ്ഥരും കൊല്ലപ്പെട്ടു. അതോടുകൂടി കലാപങ്ങൾ പല ഭാഗത്തും വ്യാപിച്ചു.

കലാപങ്ങൾ വ്യാപകമായ ശേഷമാണ് അവരവരുടെ ബലഹീനത ഓരോ വിഭാഗവും മനസ്സിലാക്കാൻ തുടങ്ങിയത്. ഭരണം തന്നെ ഇല്ലാതാക്കുംവിധം വ്യാപകമായ രീതിയിൽ കാലപങ്ങളുണ്ടാകുമെന്ന് അധികാരികൾ പ്രതീക്ഷിച്ചില്ല. അതുപോലെ, ഒരു സായുധ സമരം തുടങ്ങാനുള്ള ആലോചനയോ അതിനാവശ്യമായ നേതൃത്വമോ പ്ലാനോ ആയുധശേഖരമോ സാമ്പത്തികശേഷിയോ ആഹാരശേഖരമോ കലാപകാരികൾക്കുമില്ലായിരുന്നു. ഗവൺമെന്റിന്റെ അക്രമപ്രവൃത്തികളിൽനിന്ന് പൊട്ടിപ്പുറപ്പെട്ട കലാപം നയിക്കാൻ അതതുസ്ഥലങ്ങളിൽനിന്ന് പല തരത്തിലുള്ള നേതാക്കൾ ഉയർന്നുവരികയാണുണ്ടായത്. കലാപത്തിന്റെ ആരംഭത്തിൽ തന്നെ അതിന്റെ ഗതി നിയന്ത്രിക്കാൻ കഴിയുന്ന എല്ലാ നേതാക്കളെയും ഗവൺമെന്റ് ജയിലിലടച്ചു. നേതൃത്വം ഏറ്റെടുത്തവരിൽ പ്രധാനി വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു. ഹിന്ദു മുസ്‌ലിം ഐക്യം അത്യാവശ്യമാണെന്ന് വിശ്വസിച്ചിരുന്നയാളാണദ്ദേഹം. അതിനുവേണ്ടി അദ്ദേഹം ശ്രമിക്കുകയും ചെയ്തിരുന്നു. മറ്റു നേതാക്കന്മാർക്കും അതേ കാഴ്ചപ്പാടാണുണ്ടായിരുന്നതെന്ന് കരുതാൻ നിവൃത്തിയില്ല. വിവിധ ഘടകങ്ങളെ ഏകോപിപ്പിച്ച് ഒരേ നയം തുടരാൻ യാതൊരു മാർഗവുമില്ലായിരുന്നു. നേതൃത്വമില്ലാത്ത, സംഘടനയില്ലാത്ത, സാമ്പത്തികശേഷിയില്ലാത്ത, ആയുധമില്ലാത്ത വിപ്ലവം പരാജയപ്പെടാനേ സാധ്യതയുള്ളൂ. എങ്കിലും ബ്രിട്ടീഷ് ഗവൺമെന്റ് സർവശക്തിയും ഉപയോഗിച്ചെങ്കിലും ആറു മാസം വേണ്ടിവന്നു കലാപം പൂർണമായും ഒതുക്കാൻ. കലാപത്തിനിടയിൽ പട്ടാളമേധാവിയായിരുന്ന ജനറൽ ബ്രൂണെറ്റ് ഹെഡ് ക്വാർട്ടേഴ്സിലേക്കെഴുതി: 'കലാപം എന്ന് പൂർണമായിത്തീരുമെന്ന് പ്രവചിക്കാൻ കഴിയില്ല. ചില ഡിസ്ട്രിക്ടുകളിൽ മാപ്പി

ളമാരെ മുഴുവൻ കൊന്നൊടുക്കു കയോ അറസ്റ്റ് ചെയ്യുകയോ ചെയ്യു ന്നതുവരെ കലാപം നീണ്ടുനിന്നെ ന്നുവരാം.'[15]

ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനത്തിന്റെ നേതാക്കളെ ഇ. എം.എസ് നമ്പൂതരിപ്പാട് വിലയിരു ത്തിയതിപ്രകാരമാണ്:

'നേതൃത്വത്തിലുണ്ടായിരുന്ന ഹിന്ദുക്കൾ വക്കീലന്മാരും ബുദ്ധിജീ വികളും വൻകാണക്കാരുമായിരു ന്നു... ജനങ്ങൾ അക്രമരാഹിത്യം വെടിഞ്ഞപ്പോൾ അവർ ജനങ്ങളെ ഉപേക്ഷിച്ചു. നേതൃത്വത്തിലുണ്ടായി രുന്ന മാപ്പിളമാർ അക്രമരാഹിത്യത്തി ലേക്കും നിസ്സഹകരണത്തിലേക്കും കൊണ്ടുവരാൻ ശ്രമിച്ചു. അവർ ജന ങ്ങളെ വെടിഞ്ഞില്ല. മധ്യനിരയിലു ണ്ടായിരുന്ന നേതാക്കൾ തങ്ങന്മാരും മുസ്‌ലിയാക്കന്മാരും ഹാജിമാരും മറ്റു മായിരുന്നു. അവർ ഗവൺമെന്റ് വിരോധികളാണെങ്കിലും മതപര മായി മാത്രം ചിന്തിക്കുന്നവരാണ്. അവരിൽ ചിലർ എടുത്തുചാട്ട ക്കാരും സ്വന്തം കാര്യം നോക്കുന്ന വരുമാണെങ്കിലും നല്ല കേന്ദ്ര നേതൃ ത്വമുണ്ടായിരുന്നെങ്കിൽ പൊതുവെ അവർ നല്ല കർഷകനേതാക്കളാ കാൻ ഉതകുമായിരുന്നു. അവർ നല്ല സംഘാടകരാണെന്ന് കലാപത്തിനു മുമ്പും പിമ്പും തെളിയിച്ചു. അവരെ നഷ്ടപ്പെട്ടത് കർഷകപ്രസ്ഥാന ത്തിന് തീരാനഷ്ടമാണ്. സാധാരണ ക്കാരായി പങ്കെടുത്തവരിൽ ചിലർ സാമൂഹികവിരുദ്ധരായിരുന്നെങ്കിലും പൊതുവെ അവർ ഗവൺമെന്റിനും ജന്മിമാർക്കുമെതിരെയുള്ള കർഷക രായിരുന്നു. മധ്യനിരയിലും കൂട്ടത്തി ലുമുണ്ടായിരുന്ന ഹിന്ദുക്കൾ അവ രുടെ നേതാക്കളെ പോലെത്തന്നെ യായിരുന്നു. പട്ടാളം വന്നതോടുകൂടി അവർ പ്രസ്ഥാനത്തെ ഉപേക്ഷിച്ചു.'[16]

ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സമുന്നത നേതാ വായിരുന്ന കെ. മാധവൻ നായർ ചെയ്തത് മനസ്സിലാക്കുമ്പോൾ ഇ. എം.എസ്സിന്റെ അഭിപ്രായം ശരിയാ ണെന്ന് തോന്നുന്നു. അബ്ദുർറ ഹ്മാൻ സാഹിബിന്റെ പ്രസംഗ ത്തിനു ശേഷവും ശാന്തരാകാതി രുന്ന പൂക്കോട്ടൂരിലെ ജനങ്ങളെ ശാന്തമാക്കാൻ സാഹിബ്, മാധവൻ നായരെയാണ് ആഗസ്റ്റ് 21-ന് തിരൂര ങ്ങാടി സംഭവത്തിനുശേഷം കൂട്ടി ക്കൊണ്ടുപോയത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സമുന്നതനായ ആ നേതാവ് ചെയ്തത് പട്ടാളം മഞ്ചേരിയിലെത്തിയതിന്റെ അടുത്ത ദിവസം സെപ്റ്റംബർ 3-ന് അദ്ദേഹ ത്തിന്റെ അനുയായികളെ ഉപേക്ഷിച്ച് കോഴിക്കോട്ടേക്ക് കാൽനടയായി പുറപ്പെടുകയായിരുന്നു. അദ്ദേ ഹത്തെ തിരിച്ചറിഞ്ഞ മാപ്പിളമാർ യാത്ര ചെയ്യാൻ കാളവണ്ടി ഏർപ്പാടു ചെയ്തുകൊടുത്തു. 4-ാം തീയതി കോഴിക്കോട്ടെത്തിയ അദ്ദേഹം 5-ാം തീയതി കലക്ടറെ കണ്ടു. 'കലക്ട റുടെ ആജ്ഞകൾ അനുസരിക്കാ മെന്നും ആറു മാസത്തേക്ക് ഏറനാ ട്ടിൽ യാതൊരു രാഷ്ട്രീയ പ്രവർത്ത നത്തിലും ഏർപ്പെടുകയില്ലെന്നും' ഉറപ്പെഴുതിക്കൊടുക്കുക മാത്രമല്ല 'മാപ്പിളമാർ ഹിന്ദുക്കളെ ഉപദ്രവിക്കു ന്നെന്നും മതംമാറ്റാൻ ശ്രമിക്കു ന്നെന്നും പട്ടാളത്തെ അയച്ചു അവരെ അടിച്ചമർത്തണമെന്നും കൂടി എഴുതിക്കൊടുത്തു.[17] ഹിച്ച് കോക്ക് മുതൽ മലബാർ കലാപ ത്തെപ്പറ്റി എഴുതിയ എല്ലാവരും തന്നെ ഒക്ടോബർ അവസാനം പട്ടാളം വന്ന ശേഷമാണ് ചില വർഗീയ സംഭവങ്ങളുണ്ടായതെ ന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. താനുൾപ്പെടെയുള്ള നേതാക്കൾ വളർത്തിയ പ്രക്ഷോഭം പട്ടാളത്തെ അയച്ച് അടിച്ചമർത്താൻ ഒരു നേതാ വുതന്നെ ആവശ്യപ്പെടുന്നതാണ് നാമിവിടെ കാണുന്നത്. ബ്രഹ്മദ ത്തൻ നമ്പൂതിരി എഴുതി:[18] 'തിരൂര ങ്ങാടിയിൽ 1921 ആഗസ്റ്റ് 20-ന് നടന്ന സംഭവങ്ങൾ പഞ്ചാബിലും ചൗരി ചൗരായിലും നടന്ന കലാപങ്ങൾക്ക് അതുല്യമാണ്. എങ്കിലും കോൺഗ്രസ് ഹിന്ദുക്കൾക്കു മാത്രമേ സഹായം നൽകുന്നുള്ളൂ എന്ന് അബ്ദുർറഹ്മാൻ സാഹിബ് പരാതി പ്പെട്ടു.[19] മഹത്തായ ഒരു ചരിത്ര സംഭ വത്തിന്റെ വികൃതവും ദയനീയവു മായ രൂപമാണ് നാം കാണുന്നത്.

റഫറൻസ്


1. K.N. Panikkar, Against lord and state, p 189,190

2. Hitchcock, Peasant Revolt in Malabar, p 3

3. Tottenham, Mappila Rebellion p. 42

4. Hitchcock, Peasant Revolt in Malabar, p 152-178

5. K.N Panikkar, Against Lord and State, p. 180,181

6. കെ.പി. കേശവമേനോൻ, *കഴിഞ്ഞകാലം*, പേജ് 119-120, 1986

7. കെ. മാധവൻ നായർ, *മലബാർ കലാപം*, പേജ് 199, 200

8. ബ്രഹ്മദത്തൻ നമ്പൂതിരി, *ഖിലാഫത്ത് സ്മരണകൾ*, പേജ് 165

9. K.N Panikkar, Against Lord and State, p. 171-178

10. Gopalan Kutty, Ph.d Thesis, JNU 1985

11. കെ. ദാമോദരൻ, സി. നാരായണപിള്ള, *കേരളത്തിലെ സമരം* പേജ് 5

12. Telegram No. 276-5 dtd 6-8-1921

13. Tottenham- Mappila Rebellion p 32,33

14. Ibid

15. Cited. R.L. Hardgrave- Introduction to Peasant Revolt in Kerala by Hitchcock, p. 21

16. E.M.S A short Histroy of Peasant Movement in Kerala. cited hardgrave p 25

17. Exhibit No. 3 Case 1280/1922 Madras High court records, ഉദ്ധരിച്ചത് എം.പി.എസ് മേനോൻ, *മലബാർ കലാപം*, പേജ് 168

18. ബ്രഹ്മദത്തൻ നമ്പൂതിരി, *ഖിലാഫത്ത് സ്മരണകൾ*, പേജ് 58

19. Sept 20, 1921 letter from Abdurahiman Sahib to Yakoob Hassan, cited hardgrave.